CCM(12) 2015-16

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 22.07.2015-ലെ യോഗ നടപടിക്കുറിപ്പ്**

യോഗം വൈകുന്നേരം 3.15 ന് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയും യോഗത്തിൽ സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.07.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** ഇലപ്പുള്ളി പഞ്ചായത്ത് ഒഴികെയുള്ള എല്ലാ ഗ്രാമപഞ്ചായത്തുകളും, വർക്കല ഒഴികെയുള്ള എല്ലാ മുനിസിപ്പാറ്റികളും, പത്തനംതിട്ട, ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലാ പഞ്ചായത്തുകളും 2015-16 വാർഷിക പദ്ധതിക്ക് ഡി.പി.സി.യുടെ അംഗീകാരം നേടിയതായി റിപ്പോർട്ട് ചെയ്തു.

**2.2** ഐ.എ.വൈ മാനദണ്ഡമനുസരിച്ച് ഓരോ ജില്ലയിലും അനുവദിച്ച വീടുകളുടെ എണ്ണത്തിൽ കുറവു വരുത്താതെ ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകൾ പ്ലാൻ ഫണ്ടിൽ നിന്ന് 25:40:35 എന്ന അനുപാതത്തിൽ ഫണ്ട് വകയിരുത്തിയെന്നു ഉറപ്പു വരുത്തി വേണം ഡി.പി.സി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അംഗീകരിക്കേണ്ടതെന്നും യോഗം തീരുമാനിച്ചു. മുൻ നിർദ്ദേശപ്രകാരം ജില്ലാ പഞ്ചായത്തുകളുടെ ഐ.എ.വൈ പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർ ഗ്രാമവികസന കമ്മീഷണർ ആയിരിക്കണമെന്നും തങ്ങളുടെ ഐ.എ.വൈ പ്രോജക്ട് ഗ്രാമവികസന കമ്മീഷണർക്ക് അയച്ചുകൊടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചു. ഐ.എ.വൈ പദ്ധതിയിൽ മുൻവർഷത്തെ കുടിശ്ശികയുള്ള ത്രിതല പഞ്ചായത്തുകൾ അതിനുള്ള തുകയും വകയിരുത്തണമെന്നും മുൻ വർഷങ്ങളിലെയും നടപ്പുവർഷത്തെയും ഐ.എ.വൈ. പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ടെന്ന് ഡി.പി.സികൾ അടിയന്തിരമായി പരിശോധിച്ച് ഉറപ്പു വരുത്തണമെന്നും അതിനാവശ്യമായ പദ്ധതി ഭേദഗതികൾ നടത്തേണ്ടതാണെന്നും യോഗം തീരുമാനിച്ചു.

**2.3** അവാർഡ് തുക ലഭിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതുപയോഗിച്ച് പുതിയ പ്രോജക്ടുകൾ രൂപീകരിക്കാമെന്നും അവ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.സികൾ അംഗീകരിക്കണമെന്നും യോഗം തീരുമാനിച്ചു.

2.5 സംസ്ഥാനത്തെ അംഗനവാടി വർക്കർ/ഹെൽപ്പർമാരുടെ പ്രതിമാസ ഹോണറേറിയം 100 രൂപയിൽ നിന്നും 1000 രൂപയായി ഉയർത്താൻ യോഗം തീരുമാനിച്ചു. ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ തനതു ഫണ്ടിൽ നിന്ന് വിതരണം ചെയ്യാനും യോഗം നിർദ്ദേശിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 കാളികാവ് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.ഡി.ബി.2//275/15)**

പാലിയേറ്റീവ് കെയറിനായി ബ്ലോക്ക് പരിധിയിലെ ഏഴു ഗ്രാമപഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങി നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടത് സംബന്ധിച്ച് കില തയ്യാറാക്കുന്ന പരിഷ്ക്കരിച്ച മാർഗരേഖ ലഭ്യമായതിനുശേഷം പരിഗണിക്കാനായി മാറ്റി വച്ചു. ഐ.എ.വൈ പദ്ധതിക്കായി കാളികാവ് ബ്ലോക്ക് പഞ്ചായത്ത് നിർദ്ദിഷ്ട വിഹിതം ഉറപ്പു വരുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാനും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 വർക്കല നഗരസഭ (ഫയൽ നം. 11224/എ.സി.3/15/തസ്വഭവ)**

2014-15 പദ്ധതി ഭേദഗതി ഇനി സാധ്യമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതികൾ ക്ലോസ് ചെയ്ത് 2015-16 വർഷത്തേയ്ക്ക് പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്**

മെഡിക്കൽ എഞ്ചിനീയറിംഗ്,എം.എഡ്, ബി.എഡ്, പോളി ഡിപ്ലോമ, ഐ.റ്റി.ഐ., ബി.എസ്.സി. നഴ്സിംഗ്, എം.എസ്.സി. നഴ്സിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന ബ്ലോക്ക് അതിർത്തിയിലുള്ള വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകാൻ അനുവദിച്ചു തീരുമാനിച്ചു. ഇവർക്ക് വകുപ്പുതലത്തിൽ ആനുകൂല്യം ലഭിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചു. ലാപ് ടോപ്, സൈക്കിൾ, പഠനോപകരണങ്ങൾ എന്നിവ ഇരട്ടിപ്പു വരാതെയും ഗ്രാമസഭാ ലിസ്റ്റ് പ്രകാരവും കോഓർഡിനേഷൻ കമ്മിറ്റിയുടെ മുൻ മാർഗ നിർദ്ദേശങ്ങൾ പ്രകാരം വിതരണം ചെയ്യാനും നിർദ്ദേശിച്ചു തീരുമാനിച്ചു. കമ്പ്യൂട്ടർ പരിശീലന പദ്ധതികൾ നടപ്പാക്കേണ്ടതില്ലെന്നും നിർദ്ദേശിച്ചു. ബ്ലോക്ക് പഞ്ചായത്ത് തങ്ങളുടെ ഐ.എ.വൈ വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താനും യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്**

സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനുള്ള പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതിനാൽ അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. ബ്ലോക്ക് പഞ്ചായത്ത് ഐ.എ.വൈ വിഹിതം ഉറപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കാനും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 മലപ്പുറം മുനിസിപ്പാലിറ്റി (ഫയൽ നം242955/ഡി,സി.2/15)**

സ്വകാര്യ വ്യക്തികളുടെ സ്ഥലം സറണ്ടർ ചെയ്തോ ലീസിനെടുത്തോ തടസ്സമില്ലാതെ പൊതു ആവശ്യത്തിന് നൽകാൻ എഗ്രിമെന്റ് വച്ച ശേഷമോ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കുന്നംകുളം നഗരസഭ**

2013–14ലെ പ്രോജക്ടുകൾ ഇനി സ്പിൽ ഓവറായി ഉൾപ്പെടുത്താൻ കഴിയാത്തതിനാൽ പ്രസ്തുത പ്രോജക്ടുകൾ ക്ലോസ് ചെയ്ത് 2015–16–ൽ പുതിയ പദ്ധതികളായി ഏറ്റെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 7 തൃശൂർ ജില്ലാ പഞ്ചായത്ത്**

തെരുവുവിളക്ക് പരിപാലനം ജില്ലാ പഞ്ചായത്തിന്റെ ചുമതലയല്ലാത്തതിനാൽ എൽ.ഇ.ഡി. ഹൈമാസ്റ്റ്ലൈറ്റ് സ്ഥാപിക്കാനുള്ള പദ്ധതി അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. ജില്ലാ പഞ്ചായത്ത് ഐ.എ.വൈ. വിഹിതം ഉറപ്പാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാനും ആവശ്യപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 8 നീരേറ്റുപുരം, വള്ളംകളി വർക്കിംഗ് പ്രസിഡന്റിന്റെ കത്ത്**

മാമ്മൻ മാപ്പിള ട്രോഫിക്കുവേണ്ടിയുള്ള പമ്പ ജലമേളയ്ക്ക് തനതു ഫണ്ടിൽ നിന്ന് സാമ്പത്തിക സഹായം നൽകുന്നതിന് പത്തനംതിട്ട, ആലപ്പുഴ ജില്ലാ പഞ്ചായത്തുകൾക്ക് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 9 എറണാകുളം ജില്ലാ പഞ്ചായത്ത്**

എസ്.സി. വിഭാഗത്തിൽപ്പെട്ട 2 കുട്ടികൾക്ക് വിദേശ പഠനത്തിന് ധനസഹായം നൽകുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ചു. കോഴ്സ്, യൂണിവേഴ്സിറ്റി തുടങ്ങിയവയുടെ ആധികാരികത ജില്ലാ പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

2015-16 വാർഷിക പദ്ധതിയിൽ നബാർഡ് ആർ.ഐ.ഡി.എഫ് ഗ്രാന്റായി ലഭിച്ച തുക ഉപയോഗിച്ച് പദ്ധതി ഭേദഗതി ചെയ്യുന്നതിന് പ്രത്യേക കേസായി അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 11 മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്**

മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനോടനുബന്ധിച്ച് ജനറേറ്റർ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളും നിർവഹണ ഉദ്യോഗസ്ഥനായ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ ഏറ്റെടുത്ത് നടത്തുന്നതിന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 12 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് കണ്ണംകുളം തോടിനു കുറുകെ പാലം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം അംഗീകരിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം വൈകുന്നേരം 4.15-ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 29.07.2015-ന് ഉച്ചകഴിഞ്ഞ്**
**2.30 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പു മന്ത്രിയുടെ**
**അസംബ്ലി ചേംബറിൽ കൂടുന്നതാണ്.**